LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

61 (66) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര തുകയാണ് ഇതേവരെ ലഭിച്ചിട്ടുള്ളത് ; ഇതേവരെ എത്ര തുക ധനസഹായമായി നൽകിയിട്ടുണ്ട് ; ഇവയുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായം അപേക്ഷകന് എത്തിക്കുന്നതിന് നിലവിൽ എന്ത സംവിധാനമാണ് ഉള്ളത് ; അസുഖം ബാധിച്ച് പുറത്തിറങ്ങാൻ കഴിയാതെ വീട്ടിനുള്ളിൽമാത്രം കഴിയുന്ന രോഗികൾക്ക് ധനസഹായം നേരിട്ടെത്തിക്കാൻ എന്തെങ്കിലും മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത മാർഗ്ഗമെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ഇത്തരം രോഗികൾക്ക് ധനസഹായം നേരിട്ടെത്തിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ധനസഹായം കയ്യിൽ എത്താൻ താമസം നേരിടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കാമോ ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെയായി (2015 നവംബർ 24 വരെ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ആകെ 664,03,40,089- (അറുനൂറ്റി അറുപത്തിനാല് കോടി മൂന്ന് ലക്ഷത്തി നാല്പതിനായിരത്തി എൺപത്തൊമ്പത് രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. ഇതേവരെ (24-11-2015 വരെ) 651,23,18,033 രൂപ (അറുനൂറ്റിഅമ്പത്തൊന്ന് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം) ധനസഹായവിതരണത്തിന് ജില്ലാ കളക്ടർമാർക്കും മറ്റുമായി നൽകിയിട്ടുണ്ട്. ആയതിന്റെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം 'എ' ആയി നൽകുന്നു.*

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായം ബന്ധപ്പെട്ട താലൂക്ക് ഓഫീസുകൾ മുഖേന അപേക്ഷകർക്ക് നൽകിവരുന്നു. അസുഖം ബാധിച്ച് പുറത്തിറങ്ങാൻ കഴിയാതെ വീടിനുള്ളിൽമാത്രം കഴിയുന്ന രോഗികൾക്ക് ധനസഹായം നേരിട്ടെത്തിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(സി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്തുപറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരുമാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ചികിത്സാ ധനസഹായത്തിനുള്ള കാലതാമസം

62 (67) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ചികിത്സാ ധനസഹായമായി അനുവദിച്ചിരിക്കുന്ന തുക ലഭിക്കാൻ ഏറെ കാലതാമസം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചികിത്സാ ധനസഹായത്തിനായി, റിപ്പോർട്ട് യഥാസമയം മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് അയച്ചു കൊടുക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്.

(ബി) ബാധകമല്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുമുള്ള ചികിത്സാ സഹായം

63 (68) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായത്തിനായി അനുവദിച്ച തുക വിതരണം നടത്തുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ;

(ബി) പാലക്കാട് ജില്ലയിലെ ,ഏത് മാസംവരെയുള്ള അപേക്ഷകർക്കാണ് ധനസഹായം വിതരണം നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly